നെൽച്ചെടികളുടെ കുഴൽരോഗബാധ തടയാൻനടപടി

22 (*382) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണംമൂലം കുഴൽരോഗം വ്യാപകമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നൽകുമോ;

(സി) രോഗബാധയ്ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കുഴൽരോഗബാധയെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി കാർഷിക വിദഗ്ദ്ധരുടെ യോഗം വിളിച്ചുകൂട്ടുമോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെൽവിത്തുകളുടെ രോഗപ്രതിരോധശേഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രതിരോധശേഷിയുള്ള പുതിയ വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ചിലയിടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടനാട്, പുറക്കാട് കരിനിലങ്ങൾ, അപ്പർ കുട്ടനാട് എന്നിവിടങ്ങളിലെ ചില പാടശ്ശേഖരങ്ങളിൽ ഗാളീച്ചയുടെ ആക്രമണം ഉണ്ടായിട്ടുണ്ട്.

(സി) ജില്ലാതല കീടനിരീക്ഷണ ടീം, മങ്കൊമ്പിലെ പെസ്റ്റ് സർവെലയൻസ് യൂണിറ്റ് എന്നിവ കീടബാധയുള്ള സ്ഥലങ്ങൾ സന്ദർശിച്ചു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) കൃഷി സീസൺ ആരംഭിക്കുന്നതിനു മുൻപുതന്നെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വച്ച് കാർഷിക ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ ഗാളീച്ചയുടെ നിയന്ത്രണത്തെ സംബന്ധിച്ച് ചർച്ചാ ക്ലാസുകളും പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് സെമിനാറുകളിൽക്കൂടിയും നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) കാർഷിക സർവ്വകലാശാലകളിൽ വികസിപ്പിച്ചെടുക്കുന്ന പ്രതിരോധശേഷിയുള്ള പുതിയ നെൽവിത്തിനങ്ങൾ ഇപ്പോൾത്തന്നെ കർഷകർക്ക് നൽകിവരുന്നു. ഹ്രസ്വകാല ഇനങ്ങളായ കൈരളി, കാഞ്ചന, അരുണ, മകം, ദീർഘകാല ഇനങ്ങളായ ധന്യ, നിള എന്നിവ ഇപ്പോൾത്തന്നെ കർഷകർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly